## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2267 13.02.2013 ൽ മറുപടിയ്ക്ക്

### കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ കേടായ വൈദ്യുതി മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;<br>(ബി) കേടായ എത്ര മീറ്ററുകൾ വാങ്ങാൻ നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) & (ബി) സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി മീറ്ററുകളിൽ ഏകദേശം 5.28 ശതമാനം മീറ്ററുകളാണ് കേടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മീറ്ററുകളുടെ ലഭ്യതക്കുറവാണ് കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ പ്രധാന കാരണം. ഇവ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഒക്ടോബർ 2013 –നോട് കൂടി കേടായ എല്ലാ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള "ആക്ഷൻ പ്ലാൻ" തയ്യാറാക്കിയിട്ടുണ്ട്.<br><br>കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനു വേണ്ടിയും പുതിയ കണക്ഷനുകൾ നൽകുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

1. സിംഗിൾ ഫേസ് - 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ദർഘാസ് 23.11.2012 ൽ ക്ഷണിക്കുകയും പ്രസ്തുത ദർഘാസിന്റെ പ്രീ-ക്വാളിഫിക്കേഷൻ ബിഡ് 03.01.2013 ൽ തുറക്കുകയും ചെയ്തു. പ്രീ-ക്വാളിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷം, പ്രൈസ് ബിഡ് തുറക്കുകയും പിന്നീട് മീറ്ററുകൾക്കുള്ള ഓർഡർ നൽകുകയും ചെയ്യുന്നതാണ്.

2. ത്രീ ഫേസ് - 50,000 ത്രീ ഫേസ് മീറ്ററുകൾക്കുള്ള ഓർഡർ എംകോ, താനെ എന്ന കമ്പനിക്ക് 17.10.2012 ൽ നൽകിയിട്ടുണ്ട്.

(സി) കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കാത്തതുമൂലം ബോർഡിനുണ്ടാകുന്ന വരുമാനനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(സി) ഇല്ല. മീറ്റർ കേടായ കാലയളവിലെ ഉപഭോഗം മീറ്റർ കേടാകുന്നതിന് മുമ്പുള്ള ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്നു. ആയതിനാൽ മീറ്റർ കേടായ വകയിൽ ബോർഡിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല എന്നാണ് കണക്കാക്കിയിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**